**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1472 13/06/2014 -ൽ മറുപടിയ്ക്ക്

## ഹൈടെക് കൃഷി സമ്പ്രദായവും ഗ്രീൻ ഹൗസുകളുടെ പ്രവർത്തനവും

ചോദ്യം
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, റ്റി.എ. അഹമ്മദ് കബീർ
,, സി. മമ്മൂട്ടി
,, എൻ. ഷംസുദ്ദീൻ

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

എ) ഹൈടെക് കൃഷി സമ്പ്രദായം നടപ്പാക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

എ) ഹൈടെക് ഫാമിംഗ് 2012-13, വെജിറ്റബിൾ ഡവലപ്മെന്റ് 2012-13, രാഷ്ട്രീയ കൃഷി വികാസ് യോജന 2012-13, ഹൈടെക് അഗ്രിക്കൾച്ചർ 2013-14 എന്നീ പദ്ധതികളാണ് ഹൈടെക് കൃഷി സമ്പ്രദായം നടപ്പാക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയത്.

ഇത് കൂടാതെ സംസ്ഥാനത്ത് ഹൈടെക് കൃഷിയുടെ പ്രചരണാർത്ഥം പോളിഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള 54 ലക്ഷം രൂപയുടെ ധനസഹായം വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് 2012-13 സാമ്പത്തിക വർഷം സർക്കാർ അനുവദിച്ചിരുന്നു.

ബി) സംസ്ഥാനത്ത് എത്ര ഗ്രീൻ ഹൗസുകൾ ഇപ്പോൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

ബി) സംസ്ഥാനത്ത് നിലവിൽ 619 പോളീഹൗസുകൾ ഉണ്ട്.

സി) ഗ്രീൻ ഹൗസുകൾക്ക് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

സി) 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഹൈടെക് കൃഷി വ്യാപകമാക്കുവാൻ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് ഫാമിംഗ് പദ്ധതി പ്രകാരം 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പോളിഹൗസ് നിർമ്മിക്കുന്നതിന് ചെലവ് പ്രതീക്ഷിക്കുന്ന 3.74 ലക്ഷം രൂപയുടെ 75% തുകയായ 2,80,500/- രൂപ ധനസഹായമായി നൽകി വരുന്നു. ഇതിൽ 1.87 ലക്ഷം രൂപ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 0.935 ലക്ഷം രൂപ സംസ്ഥാന വിഹിതവുമായാണ് നൽകിയിട്ടുള്ളത്.

2013-14-സാമ്പത്തിക വർഷത്തിലും പ്രസ്തുത പദ്ധതി നടപ്പാക്കുകയും 128000 ചതുരശ്ര മീറ്റർ പോളീഹൗസ് നിർമ്മിക്കുന്നതിനാവശ്യമായ 3 കോടി രൂപ വകയിരുത്തുകയും ചെയ്തു.

ഇതിൻ പ്രകാരം 400 മുതൽ 4000 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള പോളിഹൗസ് നിർമ്മിക്കുന്നതിന് ചതുരശ്ര മീറ്ററിന് ചെലവ് പ്രതീക്ഷിക്കുന്ന 935 രൂപയുടെ 75% തുകയായ 701.25 രൂപ ധനസഹായമായി നൽകുന്നതാണ്. ഇതിൽ 50 ശതമാനം തുകയായ 467.50 രൂപ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 233.75 രൂപ സംസ്ഥാന വിഹിതവുമായാണ് നൽകുന്നത്.

കൂടാതെ മുൻവർഷത്തിൽ നിന്നും നീക്കിയിരിപ്പുള്ള തുക വിനിയോഗിച്ചുകൊണ്ട് 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള 111 (ആകെ 44400 ചതുരശ്ര മീറ്റർ) പോളിഹൗസുകൾ നിർമ്മിക്കുവാനും മാർച്ച് മാസം 31ന് മുമ്പായി പൂർത്തീകരിക്കാനുമാണ് ലക്ഷ്യമിടുന്നത്.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കിയ നാച്ചുറലി വെന്റിലേറ്റഡ് ട്യൂബുലാർ സ്ട്രക്ച്ചറിലെ ഹൈടെക് കൃഷി പദ്ധതി, സംസ്ഥാന സർക്കാർ 2012-13-ൽ നടപ്പിലാക്കിയ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് പരമാവധി 40 മുതൽ 4000 ചതുരശ്ര മീറ്റർ വരെയുള്ള പോളിഹൗസുകൾ നിർമ്മിക്കുന്നതിന് ചതുരശ്ര മീറ്ററിന് ചെലവ് പ്രതീക്ഷിക്കുന്ന 935 രൂപയുടെ 50% തുകയായ 467.50 രൂപ ധനസഹായമായി നൽകുന്നു.

നടീൽ വസ്തുക്കൾ വാങ്ങുന്നതിന് ആവശ്യമായ ചെലവിന്റെ 50 ശതമാനം ധനസഹായമായി നൽകുന്നുണ്ട്. ഇതുകൂടാതെ പോളിഹൗസുകളുടെ വിവരങ്ങൾ കമ്പ്യൂട്ടർ ശൃംഖലയിൽ അപ്‌ലോഡ് ചെയ്ത് തത്സമയം തന്നെ പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള 'ആർക്ക്ജിസ്' സംവിധാനം പ്രവർത്തന ക്ഷമമായിട്ടുണ്ട്.

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം പോളിഹൗസുകൾ നിർമ്മിക്കുവാൻ സന്നദ്ധരായ ചെറുകിട കർഷകർക്ക് 4.5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ 75 ശതമാനം സബ്സിഡിയായി നല്കിയിട്ടുണ്ട്.

ഡി) സർക്കാർ സഹായത്തോടെ നിർമ്മിച്ച ഗ്രീൻ ഹൗസുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഡി) ഉണ്ട്.

കേരള കാർഷിക സർവ്വകലാശാലയിലെ കർഷക സാന്ത്വനം ടീമിലെ അംഗങ്ങൾ ഉൾപ്പെടുന്ന വിദഗ്ദ്ധ സമിതി പോളീഹൗസുകൾ സന്ദർശിക്കുകയും അവയുടെ നിർമ്മാണം, പ്രവർത്തനം, വിള ഉത്പാദനം എന്നിവ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് പോളീഹൗസുകളുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടക്കുന്നതായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ നിലവിൽ കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും കർഷക സാന്ത്വനം ടീം മുന്നോട്ട് വച്ചിട്ടുണ്ട്.

Snehamo

സെക്ഷൻ ഓഫീസർ